പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2469 **27-10-2026-ൽ മറുപടിയ്ക്ക്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി എക്സൈസ് വകുപ്പിൽ ജോലിയിലിരിക്ക മരണപ്പെട്ട ജയറാം ബി.ബി.യുടെ മകൻ ജഗൻ ബി.ജയറാം നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

മറുപടി: ഇടുക്കി ജില്ലയിൽ വ്യവസായം, ആരോഗ്യം, റവന്യൂ എന്നീ വകുപ്പുകളിൽ ഏതെങ്കിലും ഒന്നിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി ശ്രീ.ജഗൻ ബി.ജയറാം സമർപ്പിച്ച അപേക്ഷ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷ ലഭിച്ച തീയതി, അപേക്ഷ നിലവിൽ ഏത് ഘട്ടത്തിലാണ് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: ശ്രീ.ജഗൻ ബി.ജയറാം സമർപ്പിച്ച അപേക്ഷ 11.06.2025-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. നിലവിൽ പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് തയ്യാറാക്കിയ ക്ലർക്ക് (വിവിധം) തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ 1275-ാം റാങ്കുകാരനായി ഉൾപ്പെട്ടിട്ടുണ്ട്.

(സി) അപേക്ഷകന് തൊഴിൽദാനപദ്ധതി പ്രകാരം നിയമനം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മറുപടി: ഇല്ല.

സെക്ഷൻ ഓഫീസർ